HS മലയാളം ഉപന്യാസം. **No: 8**

# സ്ത്രീ, കേരളത്തിൽ.

'മണ്ണും പെണ്ണും ചവിട്ടുന്നിടത്തോളം നന്നാവും'.

മലയാളത്തിലെ ഒരു പഴമൊഴിയാണിത്. കാലം മാറി, മാറിക്കൊണ്ടിരിക്കുന്നു; മനുഷ്യരും മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യർ രണ്ട് തരം എന്ന വേർതിരിവ് പലയിടത്തും നാം കാണുന്നു. മനുഷ്യർക്ക് രണ്ട് ജാതി- സ്ത്രീയും പുരുഷനും. സ്ത്രീ താഴ്ന്ന ജാതി ആണെന്നല്ലേ ഈ പഴമൊഴി സാക്ഷ്യപ്പെടുത്തുന്നത്. ഇത് പഴയ മൊഴിയാണ്. സ്ത്രീയും മാറുന്നു, മാറുന്ന സ്ത്രീ ഇന്നത്തെ കേരളത്തിൽ സുരക്ഷിതയാണോ? കേരളത്തിൽ അവരുടെ പങ്ക് എന്തായിരുന്നു? എന്താണ്? എന്താകും? എന്നത് പലയിടത്തും ചർച്ചാവിഷയമാണ്.

No. 8

മനുഷ്യർ സ്ത്രീയും പുരുഷനുമാണ്.

സ്ത്രീയും പുരുഷനും ചേരുമ്പോഴാണ് 'മനുഷ്യർ' ആകുന്നത്. അപ്പോൾ, മാനുഷിക പരിഗണനക്ക് ഇരുവരും തുല്യ അർഹതയുള്ളവരാണ്. ജൈവ ഘടനയിൽ രണ്ടു ഘടകങ്ങളുടെ വ്യത്യാസം മാത്രമുള്ള സ്ത്രീ-പുരുഷന്മാർ ഒന്നാണ്; ഒന്നാകണം, ആരും ഉയർന്നവരോ താഴ്ന്നവരോ അല്ല എന്ന സത്യം ഇന്നത്തെ സമൂഹത്തിന് അറിയാം; ചിലർ അറിയാത്തതു പോലെ നടിക്കുന്നുണ്ടെങ്കിലും. സ്ത്രീ അമ്മയാണ്, ഭാര്യയാണ്, മകളാണ്, ~~പെങ്ങളാണ്~~ സഹോദരിയാണ്. ഒരു കുഞ്ഞിനു ജന്മം നൽകാൻ ഭാഗ്യം ലഭിച്ചവരാണ് സ്ത്രീകൾ. എന്നാൽ, കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനും വീട്ടുജോലി ചെയ്യാനും മാത്രമുള്ളവരല്ല സ്ത്രീകൾ.

മലയാളഭാഷതന്നെ പുരുഷന് മേൽക്കോയ്മ
നൽകുന്നതാണെന്ന് പ്രശസ്ത നിരൂപകൻ
ശ്രീ. എം. എൻ. കാരശ്ശേരി പറയുകയുണ്ടായി.
അതിനദ്ദേഹം നിരത്തിയ തെളിവുകൾ
ചില പഴമൊഴികളും, മലയാളഭാഷയുടെ
നാം കാണാതെ പോകുന്ന ചില അപാകത-
കളുമാണ്. ഉദാഹരണത്തിന്, മലയാളത്തിൽ
'അവനവന്റെ' ആണുള്ളത് 'അവളവളുടെ'
ഇല്ല. എഴുത്തച്ഛൻ മലയാള ഭാഷയുടെ
പിതാവായിരിക്കെ, പുരുഷന് ഒരു പ്രത്യേക
പ്രാധാന്യം നൽകിയോ, അതോ ഇത്തരം
~~അ~~ കാര്യങ്ങൾ അദ്ദേഹം മറന്നുപോയോ?
മലയാളസാഹിത്യത്തെ ഇരുണ്ട കാലഘട്ടത്തിൽ
നിന്ന്; പ്രത്യേകിച്ചും സ്ത്രീകൾക്ക്, (സ്ത്രീയെ ഉപ-
ഭോഗ വസ്തുവാക്കിയ ഒട്ടേറെ കൃതികൾ അന്നു-
ണ്ടായിരുന്നു.) ആ ഇരുട്ടിൽ നിന്നദ്ദേഹം

ലൈഷാതിയെ ഭക്തിയിലേക്ക് നയിച്ചു. സ്ത്രീകൾക്ക് ഒട്ടും സുഖകരമല്ലാതിരുന്ന ഒരു കാലത്തെ നമുക്ക് പല കൃതികളിലും ~~ഒരുമിക്കാ~~ കാണാൻ സാധിക്കും. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭഗവത്ഗീതയും കുറെ മുലകളും' എന്ന കൃതിയിൽ ഇതിന്റെ നേർ-ക്കാഴ്ച അദ്ദേഹം വരച്ചിടുന്നുണ്ട്. ഇരുണ്ട കാല-ത്തിൽ നിന്നും വെട്ടം പകരുന്ന മിന്നാമിനു-ങ്ങുകളേക്കാളുപരി, സൂര്യനെ പോലെ പ്രകാശം ജ്വലിപ്പിച്ച എഴുത്തുകാർ (സാഹിത്യകാരികൾ) ഒട്ടേറെയുണ്ട്. മുലകൊണ്ട് കഥയെഴുതിയ മഹാ-ശ്വേതാ ദേവി; മലയാളികളായ ഒട്ടേറെ പേരും ഈ രംഗത്തുണ്ട് (അരുന്ധതി റോയ്, കെ.ആർ. മീര, മാധവിക്കുട്ടി . . .).

പരിണാമസിദ്ധാന്തങ്ങൾ സാക്ഷ്യപ്പെ-ടുത്തുന്നത് കായികബലമുള്ളവർ ഇല്ലാത്തവരു-ടെ മേൽ അതിജീവിക്കും എന്നാണ്. സ്ത്രീയിൽ കായികബലം കൂടുതൽ പുരുഷനാണ്.

No. 8

അതുകൊണ്ട് തന്നെ അവൻ, സ്ത്രീകളുമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. എന്നാൽ, കേരളത്തിന്റെ നവോത്ഥാന നായകരിൽ ഒരാളായ ശ്രീനാരായണ ഗുരു പരിഹാസ രൂപേണ പറഞ്ഞിട്ടുണ്ട് :-

"എല്ലാ മൃഗങ്ങൾക്കും വകതിരിവുണ്ട്. അവയെല്ലാം അതനുസരിച്ചു ജീവിക്കുന്നുണ്ട്. മനുഷ്യനുമാത്രം സംശയം"

മനുഷ്യർക്ക് 'വകതിരിവുണ്ടായത്' അല്പം വൈകിയാണ്. വകതിരിവുണ്ടായിട്ടും ഉയരാൻ സമ്മതിക്കാതെ ചിലർ സ്ത്രീകളെ കാൽചുവട്ടിലിട്ടു ഞെരിക്കാൻ ശ്രമിച്ചു. മാറുമറക്കാൻ സ്ത്രീകൾ സമരം ചെയ്ത നാടാണ് നമ്മുടേത്. സതി, പോലുള്ള അനവധി ദുഷ്ക്രിയകൾ നമ്മുടെ പ്രദേശങ്ങളിലും ഉണ്ടായിരുന്നു എന്നത് ഭീതിജനകമായ സത്യമാണ്. പക്ഷേ, കരിയിലക്കൾക്കിടയിലും വിപ്ലവ വഹ്നി എരിയും എന്നതു പോലെ, നമ്മുടെ സമൂഹത്തിൽ പ്രകാശം

വന്നു. സ്ത്രീ സ്വതന്ത്രയായി, കേവലം 'ഉപയോഗ വസ്തു' എന്നു മുദ്ര കുത്തപ്പെട്ട തടങ്കലിൽ നിന്ന്.

സ്ത്രീ ഒരു ~~ചരക്കു~~ ചരക്കല്ല,

എന്നു നമുക്കു മുമ്പിൽ തെളിയിച്ചവർ ഏറെ. സ്വാതന്ത്ര്യ സമരസേനാനികളായ റാണി ലക്ഷ്മി ഭായിയും, ക്യാപ്റ്റൻ ലക്ഷ്മിയുമെല്ലാം ഈ സത്യത്തിന് ഉദാഹരണങ്ങളാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകേണ്ട ആവശ്യമില്ല എന്ന ഒരു ദുർവിചാരത്തിൽ നിന്ന്, ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസം ഉള്ളത് സ്ത്രീകൾക്കാണെന്നു പലരും പറയുന്നു. 'അമ്മ' എന്നത് സ്ത്രീയുടെ വിശ്വരൂപം ആണെന്നാണ് ലളിതാംബിക അന്തർജനം 'വിശ്വരൂപം' എന്ന ചെറുകഥയിലൂടെ പറഞ്ഞത്. സ്ത്രീ എന്നത് പുരുഷനൊപ്പം നിൽക്കേണ്ടവരാണ്. ഇന്ത്യൻ പ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധി ഭാരതത്തിന്റെ

No. 8

ഉദ്യോഗവനിതയാണ്. എം.എൽ.എ, എം.പി, കലക്ടർ, സബ് കലക്ടർ, ഡ്രൈവർ, നിയമപാലകർ, എന്നുവേണ്ട സർവ്വമേഖലകളിലും ഇന്ന് സ്ത്രീകളുണ്ട്. കേരളത്തിന്റെ മന്ത്രിസഭയിലുമുണ്ട് സ്ത്രീസാന്നിദ്ധ്യം.

കേരളത്തിൽ, ഭാരതത്തിൽ എന്നും സുരക്ഷിതരായിരിക്കുന്നവരും, എല്ലാവരും ബഹുമാനിക്കുന്നവരുമായ സ്ത്രീകൾ 'ദേവി'മാരാണ്. ഈ ദേവിമാരിൽ ഒരാൾ സാധാരണ സ്ത്രീയായി പൊതുസമൂഹത്തിലൂടെ നടന്നാൽ, ഉന്നത ആളുകൾ ആ സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി മാത്രമേ കാണൂ (ഏറെക്കുറെ). ഈ വസ്തുത ഉൾക്കൊണ്ട 'സെക്സി ദുർഗ്ഗ' എന്ന സിനിമ ഇന്ന് വിവാദങ്ങളുടെ നടുവിലാണ്. ലിംഗസമത്വം കേരളത്തിൽ കൈവരിച്ചു എന്നു പറയുമ്പോഴും ഇന്നും അത് പൂർണ്ണമായും അത് കൈവരിച്ചിട്ടില്ല.

ഇന്ന് ലൈംഗിക പീഢനത്തിന് ആൺ-
കുട്ടികളും പെൺകുട്ടികളും ഒരുപോലെ
ഇരകളാകാറുണ്ട്. ഇത് വസ്തുത സമത്വം അല്ല,
അരാജകത്വമാണ്. ഇന്ന് ആരും സുരക്ഷിത-
രല്ല; സ്ത്രീകളുൾപ്പെടെ. സ്ത്രീ പുരുഷന്മാരെ
എല്ലാവരും ഒരുകണ്ണുകൊണ്ട് കാണാൻ ശ്രമിക്കാ-
ത്തതാണോ ഇതിന് കാരണം.

സ്ത്രീ സുരക്ഷിതയായിരിക്കാനും മറ്റും
സർക്കാർ രൂപം നൽകിയ ഒരു പുതിയ
നിയമപാലക വിഭാഗമാണ് 'പിങ്ക് പോലീസ്'.
വളരെ നല്ല തീരുമാനം, നല്ല രീതിയിൽ തന്നെ
അത് പ്രവർത്തിക്കുന്നുമുണ്ട്. എന്നാൽ ഈ
വിഭാഗം പൂർണ്ണമായും ജനസൗഹൃദപരമാ-
ണോ? എന്നത് വളരെയധികം പ്രാധാന്യമർ-
ഹിക്കുന്നു. ഈ സംശയത്തിനിടയായത് ഞാൻ
അറിഞ്ഞ ഒരു സംഭവമാണ്. എന്റെ സഹോ-
ദരിയായി ഞാൻ കാണുന്ന ഒരു പെൺകുട്ടിയെ
പൊതുസ്ഥലത്ത് വച്ച് ഒരു സാമൂഹ്യവിരു-
ദ്ധൻ കടന്നുപിടിച്ചു. പകച്ചുപോയ ആ പെൺ

No. 8

കുട്ടിയെ രക്ഷിക്കാൻ ആരുമുണ്ടായില്ല. സംരക്ഷണത്തിനെത്തിയ പിങ്ക് പോലീസ് അവൻ പറഞ്ഞത് വിശ്വസിച്ചു; 'ഇവൾ എന്റെ കാമുകിയാണെന്നും, എന്നെ പറ്റിച്ചുകൊണ്ട് കടന്നു കളയുകയുമാണെന്ന്' ആ അസത്യം പിങ്ക് പോലീസ് വിശ്വസിച്ചപ്പോൾ, ഒരു വഴിപോക്ക-നാണ് 'ഇത് അവന്റെ സ്ഥിരം ജോലിയാ-ണെന്നു പറഞ്ഞ്' ആ പെൺകുട്ടിയെ രക്ഷിക്കാ-നുണ്ടായിരുന്നുള്ളൂ. ഇതുപോലെയുള്ള ഒട്ടേറെ സംഭവങ്ങൾ ദൈവനാടുകളെപോലെ അരങ്ങേ-റാറുണ്ട്. ലിംഗസമത്വത്തിനായി മുറവിളി കൂട്ടുമ്പോ-ൾ ഇത്തരം സാമൂഹ്യദ്രോഹികളെ ചെറുക്കാൻ ആയോധനകലകൾ സ്ത്രീകൾ അഭ്യസിക്കേണ്ടതാണ്. അവ സ്ത്രീയെ ധൈര്യശാലിയും, കായികബലം ഉള്ളവളുമാക്കി മാറ്റും.

മാറുന്ന സ്ത്രീ, എന്നത് കേൾക്കുമ്പോൾ ആദ്യം മനസ്സിലെത്തുന്നത് ഇന്നത്തെ വീട്ടമ്മമാരുടെ ചിത്രങ്ങളാണ്. സീരിയൽ കണ്ട് കണ്ണീർ പൊഴിച്ച്

സ്വയം കൊല്ലുന്നവർ മാത്രമല്ല ഇന്നത്തെ
വീട്ടമ്മമാർ. പണ്ടുകാലത്ത് അവർക്ക് വീട്ടിലെ
ജോലികൾ മാത്രം നോക്കിയാൽ മതിയായി-
രുന്നുവെങ്കിൽ, ഇന്നവരിൽ ഭൂരിഭാഗം പേർക്കും
ഇരട്ടിപ്പണിയാണ്. ഓഫീസ് ജോലി, അത്
കഴിഞ്ഞാൽ വീട്ടുജോലി, വിശ്രമമില്ലാതെ
അവർ ജോലിചെയ്യുന്നു, എങ്കിലും പല-
പ്പോഴും അവർക്ക് വേണ്ടത്ര പരിഗണന ലഭി-
ക്കാറില്ല.

ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കുക എന്നത്
ഓരോരുത്തരുടെയും അവകാശമാണ്. എന്നാൽ
ആ വസ്ത്രം മാന്യതയുള്ളതായിരിക്കുക എന്നത്
സാമൂഹ്യമര്യാദയാണ്. ഇഷ്ടവസ്ത്രം ധരിക്കുന്ന
~~സ്ത്രീകളുടെ മാത്രമല്ല ഇന്നത്തെ~~ സ്ത്രീകൾ
മാത്രമല്ല സമൂഹത്തിൽ സ്ത്രീ നേരിടുന്ന
സുരക്ഷയില്ലായ്മക്കു കാരണം,
അവരെ നോക്കുന്ന ചെകുത്താൻ

നം.8

കണ്ണുകളാണ്. വേഷമിട്ട് മറയ്ക്കേണ്ടത് സ്ത്രീയുടെ മുഖത്തെ അല്ല, അതിനെ പൈശാചികമായി നോക്കുന്ന കണ്ണുകളെയാണെന്ന്, ഒരു മതസ്ഥർ കാണാതെ പോകുന്നു. എന്നാൽ, ഈ പ്രവണതക്കും മാറ്റം വന്നുകൊണ്ടിരിക്കുന്നു (മുഴുവൻ ശരീരവും കറുത്ത വസ്ത്രത്തിനുള്ളിലാക്കൽ) എന്നത് പ്രശംസനീയമാണ്. ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി സ്ത്രീ ആയവരും സ്ത്രീകൾ തന്നെയാണ്. അവർക്കും പരിഗണന ലഭിക്കേണ്ടതുണ്ട്.

ലിംഗങ്ങളെക്കുറിച്ചുള്ള വിചാരം കുട്ടികൾക്കുണ്ടാകുന്നത് ആറു മുതൽ പത്തു വയസ്സുവരെയുള്ള സമയങ്ങളിലാണ്. ~~ഈ~~ ~~[illegible] കുട്ടികൾക്കുള്ളിൽ [illegible]~~ ~~ഉണ്ടാക്ക~~ കുട്ടികൾക്കുള്ളിൽ ഉണ്ടാകുന്ന ഈ വിചാരത്തെക്കുറിച്ച് ഒരു പരിശോധന (സർവേ) നടന്നപ്പോൾ. കുട്ടികളുടെ മനസ്സിൽ ആവിർ-

No.8

ൽ അവർ കാണുന്ന ജോലിക്കാ-
രിൽ ഭൂരിഭാഗവും പുരുഷന്മാരാണ്.
അതായത്, കുട്ടികൾക്കുള്ളിൽ സ്ത്രീകൾ
നിയമപാലകർ, മറ്റു ഉന്നത ഉദ്യോഗസ്ഥർ
ആകുമെന്നുള്ള വകതിരിവ് ഉണ്ടാകുന്നില്ല.
ഈ വകതിരിവ് നാം കുട്ടികൾക്കു
നൽകണം; ഇന്നത്തെ പാഠ്യപദ്ധതി
അതിനു നടത്തുന്ന ശ്രമങ്ങൾ പ്രശംസനീ-
യമാണ്. ഇന്നത്തെ കുട്ടികളാണ് നാളത്തെ
സമൂഹം, അവർക്ക് സ്ത്രീപുരുഷസമത്വ-
ത്തിന്റെ അറിവ് പകരേണ്ടത് നമ്മുടെ
ബാധ്യതയാണ്. ഫെമിനിസ്റ്റുകളെയല്ല നമുക്ക്
ആവശ്യം. സ്ത്രീ, പുരുഷന്മാർ ഒന്നാണെ-
ന്നും അവർ ഒരുമിച്ചു നിൽക്കേണ്ടവരാണെ-
ന്നും പറയുകയും അതനുസരിച്ച് പ്രവ-
ർത്തിക്കുകയും ചെയ്യുന്ന മനുഷ്യരെ-
യാണ്. സാക്ഷി മാലിക്, പി. വി. സിന്ധു

No. 8

മെന്നിവർ രാജ്യത്തിന്റെ അഭിമാനമാണെന്നു പറയുന്നവരിൽ പലരും, സ്വന്തം മക്കളെ സാക്ഷിയോ, സിസ്റ്ററോ ആക്കുന്നില്ല; ആകാൻ അനുവദിക്കുന്നില്ല. ഓരോ ലിംഗത്തിൽ ജനിക്കുന്നത് ആരുടെയും കുറ്റമല്ല. എന്നാൽ എല്ലാവരും ഒരുപോലെ എന്ന സത്യത്തിൽ ജീവിക്കാതിരിക്കുന്നത് അക്ഷന്തവ്യമായ പാപമാണ്.

നൂറു ശതമാനത്തോളം സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം, എന്നാൽ ഒരു സ്ത്രീ മുഖ്യമന്ത്രിയായിട്ടുണ്ടോ? ഹന്ന ഓൾഫ് ആര്യ എന്ന ചലച്ചിത്രത്തിൽ എന്നെ വളരെയധികം ചിന്തിപ്പിച്ച ചോദ്യമാണ് :- ഇന്ത്യയുടെ പ്രധാന മന്ത്രിമാരിൽ ഒരാൾ മാത്രമാണ് വനിത, മറ്റെല്ലാ മേഖലകളിലും ആരാണ് സ്ത്രീയുടെ സ്വപ്നങ്ങൾക്ക് വിലങ്ങിടുന്നത്? കാലം അതിനുള്ള ഉത്തരം നൽകും. സ്ത്രീ ഉയരും,

ദാനത്തിൽ, കേരളത്തിൽ, സ്ത്രീകൾക്ക്
ഉചിതമായ പ്രാധാന്യം ലഭിക്കും, എന്നത്
തീർച്ച. അതിനെല്ലാവരും മുന്നിട്ടിറങ്ങ-
ണം. എന്റെ മകൾ പെൺകുട്ടിയാണെ-
ന്നതിൽ അഭിമാനിക്കണം. സംവരണത്തേ-
ക്കാളേറെ അവർക്കാവശ്യം സാമൂഹിക
പരിഗണനയാണ്. പ്രത്യാശയാണ് ലോക-
ത്തെ മുമ്പിലേക്ക് നയിക്കുന്നത്. സ്ത്രീപു-
രുഷ സമത്വമുള്ള സുന്ദരമായ ഒരു കേരള-
മാകും നാളെ എന്ന് എല്ലാവരും പ്രത്യാ-
ശിക്കണം, അങ്ങനെയായിരിക്കും എന്ന്
ദൃഢ പ്രതിജ്ഞ ചെയ്യണം. അപ്പോൾ,
കേരളം സ്വപ്ന സുന്ദരമാകും, മാവേലി
നാടാകും.